**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 855** **10-08-2023 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മുണ്ടുമല കോളനി നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വാഴൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ മുണ്ടുമല കോളനിയുടെ നവീകരണത്തിന് അനുവദിച്ച തുക ഒരു കോടി രൂപയായി വർദ്ധിപ്പിക്കുന്നതിന് സ്ഥലം എം.എൽ.എ. നല്കിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | 2019-20 സാമ്പത്തിക വർഷത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലാണ് മുണ്ടുമല കോളനിയെ തെരഞ്ഞെടുത്തിരുന്നത്. ടി വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 50,00,000/- രൂപയായിരുന്നു. ടി തുക പ്രസ്തുത പദ്ധതി നിർവഹണത്തിന് അപര്യാപ്തമായതിനാൽ 2019-20 വർഷത്തെ പദ്ധതിയിൽ നിന്നും പ്രസ്തുത കോളനിയെ ഒഴിവാക്കി, നടപ്പ സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് ബന്ധപ്പെട്ട എം.എൽ.എ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യം പരിശോധിച്ച് വരുന്നു |
| (ബി) | എന്നത്തേക്ക് അനുമതി നല്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | മറുപടി (എ ) പിരിവിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ